കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കൊല്ലം

മലയാളഭാഷ ശ്രേഷ്ഠഭാഷ

പത്രക്കുറിപ്പ് 2 29 ഒക്ടോബർ 2014

* * * * * * * * * * * * * * * * * * * * * * * * * * * * * * *

**അഷ്ടമുടിക്കായലിലെ കണ്ടൽ വനവത്കരണം ഉദ്ഘാടനം ഇന്ന്(30-10-2014)**

അഷ്ടമുടിക്കായലിലെ മത്സ്യസമ്പത്തിന്റെ സ്വാഭാവിക പ്രജനന മേഖലകളുടെ സംരക്ഷണം ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന കണ്ടൽ വനവത്കരണ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന്(ഒക്ടോബർ 30) രാവിലെ 11ന് പുത്തൻതുരുത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എസ്. ജയമോഹൻ നിർവ്വഹിക്കും. ജനപ്രതിനിധികളും പൊതുപ്രവർത്തകരും പരിസ്ഥിതി സംഘടനാ പ്രതിനിധികളും പരിപാടിയിൽ പങ്കെടുക്കുമെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

അഷ്ടമുടി കായലിന്റെ കരകളിലെ കണ്ടൽ സമ്പത്ത് ശോഷിച്ചുവരുന്ന സാഹചര്യത്തിൽ കണ്ടൽവനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രസക്തിയെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ പതിനയ്യായിരം കണ്ടൽ തൈകളാണ് പുത്തൻതുരുത്ത് മേഖലയിൽ നടുന്നത്.

(പി.ആർ.കെ.നമ്പർ-1886/2014)

**ആശ്രാമം ലിങ്ക് റോഡിൽ പാർക്കിംഗ് നിരോധിച്ചു**

നവംബർ ഒന്നിന് അഷ്ടമുടിക്കായലിൽ പ്രസിഡന്റ്സ് ട്രോഫി ജലോത്സവം നടക്കുന്നതിനാൽ ഒക്ടോബർ 30, 31, നവംബർ ഒന്ന് തീയതികളിൽ ആശ്രാമം ലിങ്ക് റോഡിൽ വാഹനങ്ങളുടെ പാർക്കിംഗ് നിരോധിച്ച് ജില്ലാ കളക്ടർ ഉത്തരവായി.

(പി.ആർ.കെ.നമ്പർ-1887/2014)

(അവസാനിച്ചു)